പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 571 21.07.08ൽ മറുപടിക്ക്

## ചെറുകിട തുറമുഖ വികസന പദ്ധതികൾക്ക് സ്വകാര്യ പങ്കാളിത്തം

ചോദ്യം

ശ്രീ. ടി.എൻ.പ്രതാപൻ

ശ്രീ.കെ.അച്ചുതൻ

മറുപടി

ശ്രീ. എം. വിജയകുമാർ

(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏതൊക്കെ ചെറുകിട തുറമുഖ വികസന പദ്ധതികൾക്കാണ് സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. |
| (ബി) | ഇത്തരത്തിൽ സ്വകാര്യ പങ്കാളിത്തം നൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിലവിലുള്ളത്; | (ബി) | സ്വകാര്യ പങ്കാളിത്തം BOT അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. സ്വകാര്യ പങ്കാളിയെ ആഗോള ദർഘാസ് വഴിയാണ് തെരഞ്ഞെടുക്കുന്നത്. ബിഡ് ഡോക്യുമെന്റിൽ പറഞ്ഞിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ കഴിവുകളെ അടിസ്ഥാനമാക്കിയായിരിക്കും സ്വകാര്യ നിക്ഷേപകനെ തെരഞ്ഞെടുക്കുക. ഈ സാങ്കേതിക സാമ്പത്തിക കഴിവുകളുടെ മാനദണ്ഡത്തിലാണ് കമ്പനികളെ ചുരുക്കപ്പട്ടികയിലുൾപ്പെടുത്തുക. ഈ ചുരുക്കപ്പട്ടികയിൽ നിന്നും ദർഘാസ് സ്വീകരിക്കുന്നതിനുള്ള മാനദണ്ഡം കണക്കിലെടുത്ത് സ്വകാര്യ സംരംഭകനെ തെരഞ്ഞെടുക്കുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്ന തീയതി മുതൽ നിശ്ചിത വർഷത്തേയ്ക്കായിരിക്കും പ്രവർത്തനാവകാശം നൽകുന്നത്. ഈ സമയം കഴിഞ്ഞ് എല്ലാ ആസ്തികളും സർക്കാരിന് വില നൽകാതെ തിരികെ ലഭിക്കുന്നതാണ്.<br>തുറമുഖം നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പങ്കാളി (ആവശ്യമെങ്കിൽ സർക്കാരുമായി ചേർന്ന്)ഒരു പ്രത്യേകോദ്ദേശ്യ കമ്പനി (Special Purpose Company) രൂപീകരിച്ച് സർക്കാരുമായി കരാറിലേർപ്പെടും. |

| | | | |
|---|---|---|---|
| (സി) | തുറമുഖ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) & (ഡി) | ഉണ്ട്. അഴീക്കൽ തുറമുഖ വികസന പദ്ധതി ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു.<br>വിഴിഞ്ഞം തുറമുഖ പദ്ധതി വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനം ഏകോപിപ്പിച്ചു നടത്തുന്നു. മറ്റു തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും തുറമുഖ വകുപ്പു ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാനതലത്തിൽ ഇത്തരം ഒരു സംവിധാനത്തെക്കുറിച്ച് ആലോചനയുണ്ട്. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം 572** | **21.07.2008-ൽ മറുപടിക്ക്**

## രോഗപ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | എ) മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള പകർച്ചപ്പനിപടരാനുള്ള സാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യവകുപ്പ് കാലേക്കൂട്ടി തന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ഇതിന്റെ മുന്നോടിയായി കഴിഞ്ഞ വർഷം ഡിസംബർ 28ന് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഈ മേഖലയിലെ പ്രശസ്തരായ ഡോക്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളത്ത് ദേശീയ ശിൽപശാല സംഘടിപ്പിച്ചു. ശിൽപശാലകളിൽ രൂപപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് വിശദമായ ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കി.<br>ഈ വർഷം ജനുവരി ഒന്നിന് സംസ്ഥാന രോഗ നിയന്ത്രണ- നിരീക്ഷണ സെല്ലിന് രൂപം നൽകി. സെല്ലിന്റെ നേതൃത്വത്തിൽ വിപുലമായ കർമ്മപദ്ധതി തയ്യാറാക്കി. ഈ കർമ്മപദ്ധതി പ്രാദേശിക തലത്തിൽ നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും യോഗം വിളിച്ചു ചേർത്തു. തുടർന്ന്, വാർഡ് തലംവരെയുള്ള കർമ്മപദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. വാർഡ് തലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ് തല ശുചിത്വ സമിതികൾക്ക് വാർഡ് ഒന്നിന് 10,000 രൂപ വീതം അനുവദിച്ചു.<br>ദേശീയ ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന സാംക്രമിക രോഗ പ്രതിരോധസെൽ വിദഗ്ധരുടെ സഹായത്തോടെ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹകരണത്തോടെ, ചിക്കുൻഗുനിയക്ക് ഏകീകൃത ചികിൽസാ ക്രമത്തിന് (ട്രീറ്റ്മെന്റ് പ്രോട്ടോകോൾ) രൂപം നൽകി.<br>മുഴുവൻ ജനവിഭാഗങ്ങളേയും സംയോജിപ്പിച്ച് വാർഡ് തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തു |

| | |
|---|---|
| | വരുന്നു. ഇതിന് പുറമെ ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഞായറാഴ്ചകളിൽ ഡ്രൈഡേ ആചരിച്ച് കൊതുകുകൾ പെരുകുന്നത് തടയുവാനുള്ള പ്രവർത്തനങ്ങളും നടക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനും കൊതുകു നശീകരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തവും ഉണ്ട്.<br>കുട്ടികളിൽ ഉണ്ടാവുന്ന രോഗങ്ങൾ പ്രതിരോധിക്കുവാൻ വാക്സിനുകൾ ഉൽപാദിപ്പിച്ചിരുന്ന മൂന്ന് കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ അടച്ചുപൂട്ടിയതിനാൽ സംസ്ഥാനത്ത് ഇപ്പോൾ കടുത്ത വാക്സിൻ ക്ഷാമം നേരിടുന്നുണ്ട്. വാക്സിൻ ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിലേക്ക് നിരവധി തവണ കത്തുകളയക്കുകയും ടെലിഫോണിൽ വിളിച്ച് കാര്യത്തിന്റെ ഗൗരവം വിശദീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി കഴിഞ്ഞ ദിവസം ഒരു ലക്ഷം ഡോസ് ഡിപിടി വാക്സിൻ എത്തിയിട്ടുണ്ട്. എങ്കിലും ഇതും അപര്യാപ്തമാണ്. ചില പ്രദേശങ്ങളിൽ അന്ധവിശ്വാസങ്ങളുടെ പേരിൽ പ്രതിരോധ വാക്സിൻ എടുക്കുന്നതിൽ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് അത്തരം കേന്ദ്രങ്ങളിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വകാര്യ ആശുപത്രികൾ എന്തെങ്കിലും സംഭാവനകൾ ചെയ്തു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു വിധത്തിലാണെന്നു വെളിപ്പെടുത്തുമോ; | ബി) സ്വകാര്യ ആശുപത്രികൾ സ്വന്തം നിലയിൽ സാംക്രമികരോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പുകൾ സ്വകാര്യ ആശുപത്രികളിലും നടത്തിവരുന്നു. |
| സി) രോഗപ്രതിരോധ നടപടികൾക്കായി എൻ.ആർ.എച്ച്.എം. വഴി ഇതുവരെ എന്തെല്ലാം സഹായങ്ങൾ ലഭ്യമായിട്ടുണ്ട്; അതു വിനിയോഗിക്കുന്നതിൽ സംസ്ഥാന ആരോഗ്യവകുപ്പിന് എന്തെങ്കിലും പങ്കുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെല്ലാംവിധത്തിലാണെന്നു വ്യക്തമാക്കുമോ: | സി) രോഗ-പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന ഇതിനകം 48.30 കോടി രൂപ ചിലവഴിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേധാവിയുടെയും ആരോഗ്യസ്ഥാപനത്തിലെ ചീഫ് മെഡിക്കൽ ഓഫീസറുടെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുകയുടെ വിനിയോഗത്തിന് അവർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ആരോഗ്യവകുപ്പും എൻ.ആർ.എച്ച്.എം.-ഉം യോജിച്ചാണ് രോഗ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം :573      21.7. 2008 -ൽ മറുപടിക്ക്

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ട എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് വ്യക്തമാക്കുമോ; | എ) കേരളത്തിന്റെ കടൽത്തീരത്ത് 478.14 കി.മി ദൂരമാണ് പ്രതിരോധ പ്രവർത്തനങ്ങൾ കൊണ്ട് ശക്തിപ്പെടുത്തേണ്ടത് |
| ബി) അടിയന്തിരമായി പുലിമുട്ടുകൾ സ്ഥാപിക്കേണ്ടതും കടൽഭിത്തി നിർമ്മിക്കേണ്ടതുമായ എത്ര കിലോ മീറ്റർ ദൂരം വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) അടിയന്തിരമായി 6 പുലിമുട്ടുകളും 18 കി.മി ദൂരം കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ചെയ്യേണ്ടതുണ്ട്. |
| സി) ഈ പ്രവർത്തനങ്ങൾക്കായി ഈ വർഷം എത്ര തുക നീക്കിവച്ചു ഇതിനകം എത്ര തുക ചെലവഴിച്ചു? | സി) 2008-09 വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.<br>പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ-<br>(H/a-4711-02-103-93 - 4375 ലക്ഷം<br>H/a-4711-02-103-99- 25 ലക്ഷം<br>(ASE(Plan)<br>H/a-2711-02-103-99- 500 ലക്ഷം<br>(ASE- Mace(Non Plan)<br>30-06-2008 വരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.<br>സുനാമി പുനരധിവാസ പദ്ധതിയിൽ ഈ വർഷത്തെ ബഡ്ജറ്റിൽ ജലസേചന വകുപ്പിനായി 1244.65 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. നാളിതുവരെ 3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

Mary Joseph K

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 574

21.07.2008 ൽ മറുപടിയ്ക്ക്

അണക്കെട്ടുകളുടെ അപകട പ്രത്യാഘാത പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ അണക്കെട്ടുകളുടെ അപകട പ്രത്യാഘാത പഠനം (ഡാം ബ്രേക്ക് അനാലിസിസ്) നടത്തണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേന്ദ്രജല നയത്തിന്റെ ഭാഗമായി എല്ലാ അണക്കെട്ടുകളുടേയും അത്യാഹിത കർമ്മ പദ്ധതി തയ്യാറാക്കാനും, അണക്കെട്ട് തകർന്നാൽ പ്രളയ ബാധിതമാകാവുന്ന അടിവാരത്തുള്ള പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കുവാനും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. കേന്ദ്രജല കമ്മീഷനിൽ നിന്നും ലഭിച്ച മാർഗ്ഗ നിർദ്ദേശം അനുസരിച്ച് അണക്കെട്ടുകളുടെ അപകട പ്രത്യാഘാത പഠനം നടത്തുവാൻ തീരുമാനിക്കുകയും ആദ്യ പഠനത്തിനായി തിരുവനന്തപുരത്തെ നെയ്യാർ അണക്കെട്ട് തിരഞ്ഞെടുക്കുകയും, അതിനായി തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിനെ ഏൽപ്പിക്കുകയും ചെയ്തു. അവർ ഇറിഗേഷൻ IDRB, ബന്ധപ്പെട്ട പദ്ധതി എൻജിനീയർമാർ മുതലായവരുടെ സഹകരണത്തോടെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ടുള്ള ഡോ. ഘോഷ് പഠന റിപ്പോർട്ടിൽ പ്രസ്തുത കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതായി | (സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പുയർത്തുന്നതു മൂലമുണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതം വിലയിരുത്താനായിട്ടാണ് |

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

ഡോ. ധ്രുബജ്യോതിഘോഷ് ചെയർമാനായുള്ള വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചത്. 136 അടിയിൽ കൂടുതൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പുയർത്തിയാൽ ഡാം തകരുവാൻ സാധ്യതയുണ്ടെന്നാണ് സ്വതന്ത്ര പഠനങ്ങൾ സൂചിപ്പിക്കുന്നതെന്ന് പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം അതീവദാരുണമായിരിക്കുമെന്നതിനാൽ അത്തരമൊരു സാഹചര്യം ഒഴിവാക്കാനുള്ള ഏറ്റവും സുഗമമായ മാർഗം റിസർവോയറിലെ ജലനിരപ്പ് നിലവിലുള്ള നിരപ്പിൽ പരിമിതപ്പെടുത്തുകയാണെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച കേസിൽ പ്രസ്തുത റിപ്പോർട്ട് അഫിഡവിറ്റിനോടൊപ്പം ഫയൽ ചെയ്യാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ഐ. ഐ. റ്റി. ഡൽഹിയിലെ വിദഗ്ദ്ധരായ ഡോ. എം. കെ. ഗോസയിൽ, ഡോ. സുബാഷ് ചന്ദർ എന്നിവരുടെ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മുല്ലപ്പെരിയാർ ഡാമിന്റെ പ്രോബബിൾ മാക്സിമം ഫ്ളഡ് (PMF), ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസ് എന്നിവ സംബന്ധിച്ചതാണ് പ്രസ്തുത പഠന റിപ്പോർട്ട്. റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്.

1. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്തിലെ രണ്ടു ദിവസത്തിലെ ഏറ്റവും കൂടുതലായുണ്ടാകാവുന്ന മഴ [Two day maximum probable pyecipitation] 65.43 cm ആണ്.
2. അത്തരത്തിലൊരു മഴയുണ്ടായാൽ 2.91 ലക്ഷം cusecs (8248cu ജലം വെള്ളപ്പൊക്കമായി (PMF) മുല്ലപ്പെരിയാർ വൃഷ്ടി പ്രദേശത്ത് ഉണ്ടാവുകയും 13.86 Tmcft ജലം 70 മണിക്കൂറിനുള്ളിൽ മുല്ലപ്പെരിയാർ ജലസംഭരണിയിലേക്ക് ഇരച്ചു കയറുകയും ചെയ്യും
3. പ്രസ്തുത സന്ദർഭത്തിൽ ഫുൾ റിസർവോയർ ലെവൽ (FRL) 136 അടിയായിരുന്നാലും,

അണക്കെട്ടിന്റെ 13 ഷട്ടറുകളും തുറന്നിരുന്നാലും അണക്കെട്ടിലെ മാക്സിമം വാട്ടർ ലെവൽ (MWL) 158.67 അടിയായി കുതിച്ചുയരും.

4. ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് അനുസരിച്ച് മനുഷ്യ സഹജമായതോ യന്ത്രത്തിന്റേതോ ആയ പാകപ്പിഴകൾ മൂലമുണ്ടാകുന്ന തടസ്സങ്ങൾ മുന്നിൽക്കണ്ടു കൊണ്ട് സ്പിൽവേ കപ്പാസിറ്റിയുടെ 10% പ്രവർത്തന രഹിതമാണെന്ന് കരുതേണ്ടതാണ്. അത്തരമൊരു സാഹചര്യത്തിൽ പഠനങ്ങൾ നടത്തുമ്പോൾ (അതായത് 13 ഷട്ടറുകളിൽ 11 എണ്ണം മാത്രം പ്രവർത്തിക്കും) MWL 160.22 അടിയാകും.
5. നിർണ്ണയിച്ചിട്ടുള്ള PMF-ഉം നിലവിലുള്ള സ്പിൽവേ കപ്പാസിറ്റിയും അനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ട് ഹൈഡ്രോളജിക്കലായി സുരക്ഷിതമല്ല.

| | |
|---|---|
| (ഇ) പഠന റിപ്പോർട്ടുകളിലൂടെ വെളിച്ചത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങളും, ഭൂമി കുലുക്കസാദ്ധ്യതകളും അതിന്റെ ഫലമായി ഉണ്ടാകുന്ന ഭവിഷ്യത്തുകളും കണക്കിലെടുത്ത് മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് എന്തു മുൻകരുതലുകൾ ഈ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) റവന്യൂ വകുപ്പിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗവുമായി ബന്ധപ്പെട്ട് മേൽനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) മുല്ലപ്പെരിയാർ അണക്കെട്ടിലൂടെ ദുരിതം സംഭവിക്കുവാൻ ഇടയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ പുനരധിവാസ പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | (എഫ്) റവന്യൂവകുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 575

21/7/2008 -ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും പൊതുവായ ജില്ലാ മെഡിക്കൽ ഓഫീസർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" അടൂർ പ്രകാശ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും പൊതുവായ ജില്ലാ മെഡിക്കൽ ഓഫീസർമാരെ നിയമിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) സംസ്ഥാനത്തെ രോഗചികിത്സാ സംബന്ധമായ കൃത്യമായ കണക്കുകൾ സൂക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും വേണ്ടി സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരത്തിൽ മറ്റെന്തൊക്കെ സംവിധാനങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ? | ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവയ്പുകൾ ഉൾപ്പെടെയുള്ള ദേശീയ ആരോഗ്യ പരിപാടികൾ, പുതുക്കിയ ദേശീയ ക്ഷയരോഗ/അന്ധതാ നിവാരണ പരിപാടി, നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം തുടങ്ങിയ ആരോഗ്യപരിപാടികളുടെ നടത്തിപ്പിൽ ഇപ്പോൾ സ്വകാര്യ ആശുപത്രികൾക്കുള്ള പങ്കാളിത്തം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

K.S. Sudha

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 576 — 21.07.2008-ൽ മറുപടിക്ക്

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. കെ.ടി. ജലീൽ

(എ) സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങളിലും നദികളിലും കിണറുകളിലും കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും വളരെ കൂടുതലാണെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

**ഉത്തരം**

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ നദികളിലും, ശുദ്ധജല തടാകങ്ങളിലും കിണറുകളിലും കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും കൂടുതലാണെന്ന് പഠനങ്ങളിൽ കണ്ടെത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ കേരള ജല അതോറിറ്റി അണുനശീകരണം ചെയ്തശേഷമാണ് വെള്ളം വിതരണം ചെയ്യുന്നത്. കിണറുകളുടെ സമീപത്തുള്ള മാലിന്യ നിക്ഷേപം, ജലസ്രോതസ്സുകളിലേക്കു മലിനജലം ഒഴുക്കി വിടൽ, കിണറുകൾക്ക് സമീപമുള്ള കുളി, വസ്ത്രം കഴുകൽ, മൃഗങ്ങളെ കുളിപ്പിക്കൽ, കുഴി കക്കൂസുകൾ, സെപ്ടിക് ടാങ്കുകൾ, മുതലായവ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടാൻ കാരണമാണ്. ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയാണ്. തൻമൂലം മാലിന്യങ്ങൾ ഗണ്യമായ അളവിൽ കൂടുകയും ചെറു സ്രോതസ്സുകളായ കിണറുകൾ ഉൾപ്പെടെ എല്ലാ സ്രോതസ്സുകളും മലിനപ്പെടുകയും കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുകയും ചെയ്യുന്നു.

(ബി) ഇത്തരം മലിനീകരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല സംവിധാനങ്ങളുടെ ജലസ്രോതസ്സുകളിൽ ഇത്തരം മാലിന്യങ്ങൾ കാണുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്ത് സ്രോതസ്സ് ശുദ്ധീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഖരമാലിന്യങ്ങൾ സ്രോതസ്സിൽ പ്രവേശിക്കുന്നത് തടയുന്നതിന് അരിപ്പകൾ (സ്ക്രീൻ) സ്ഥാപിച്ച് സംരക്ഷിക്കുന്നുണ്ട്. കിണറുകൾ മൂടികൾ സ്ഥാപിച്ച് സംരക്ഷിക്കുന്നുണ്ട്.

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.സി.ഡി.യു, കേരള ജല അതോറിറ്റി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഗ്രാമീണ ശുദ്ധജല സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ശുദ്ധീകരണശാലകളിലും പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ ലാബുകളും അവയുടെ മേൽനോട്ടത്തിനായി ആറ് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ആഫീസുകളും നിലവിലുണ്ട്. ഈ സബ്ഡിവിഷൻ ആഫീസുകളുടെ മേൽനോട്ടം തിരുവനന്തപുരം, ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ നിർവ്വഹിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള ശുദ്ധീകരണശാലകളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ശുദ്ധീകരണ ശാലയോടനുബന്ധിച്ചുള്ള ലാബുകളിൽ ദിനംപ്രതി പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്താറുണ്ട്.

കൂടാതെ എല്ലാ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നും ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ

സാമ്പിളുകൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ വിവിധ പരിശോധനകൾക്ക് (ഭൗതികം, രാസികം, ജൈവികം) വിധേയമാക്കി ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

ജല അതോറിറ്റി വിതരണം ചെയ്തു വരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം താഴെക്കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചാണ് ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകളിൽ സാമ്പിളുകൾ ശേഖരിച്ചു വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നത്.

<u>പട്ടിക</u>

| ഗുണഭോക്താക്കളുടെ എണ്ണം | പരിശോധനാ കാലാവധി |
|---|---|
| ഒരു ലക്ഷത്തിൽ കൂടുതൽ | മാസത്തിലൊരിക്കൽ |
| 50,000 മുതൽ 1,00,000 വരെ | രണ്ട് മാസത്തിലൊരിക്കൽ |
| 20,000 മുതൽ 50,000 വരെ | മൂന്ന് മാസത്തിലൊരിക്കൽ |
| 5,000 മുതൽ 20,000 വരെ | ആറ് മാസത്തിലൊരിക്കൽ |
| 5,000 വരെ | വർഷത്തിലൊരിക്കൽ |

കേരള വാട്ടർ അതോറിറ്റിയിൽ ഗുണനിലവാര പരിശോധന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ മോഡൽ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനായി 314 ലക്ഷം രൂപയുടെ പദ്ധതി പരിഗണനയിലുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 577

21.07.2008-ൽ മറുപടിക്ക്

# ഇൻകെൽ കമ്പനിയുടെ ഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>പ്രൊഫ. എൻ. ജയരാജ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഇൻകെൽ കമ്പനിയുടെ ഘടന എന്താണ് ; | (എ) ഇൻകെൽ എന്ന പബ്ളിക് ലിമിറ്റഡ് കമ്പനി 1956-ലെ കമ്പനി ആക്ട് പ്രകാരം 2007 മാർച്ചിൽ നിലവിൽ വന്നു. മൂലധനത്തിന്റെ 26% കേരള സർക്കാരും, രണ്ടു പൊതുമേഖലാസ്ഥാപനങ്ങളും കൂടി നിക്ഷേപിച്ചിട്ടുണ്ട്. ബാക്കി 74% പ്രവാസി മലയാളികൾ, ബാങ്കുകൾ, വ്യക്തികൾ എന്നിവരാണ് നിക്ഷേപിച്ചിരിയ്ക്കുന്നത്. |
| (ബി) ഇതിൽ സ്വകാര്യ--മൂലധനവും വിദേശമൂലധനവും അനുവദിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ കമ്പനിയുടെ ഭാവിപ്രവർത്തനങ്ങൾ വിശദീകരിക്കുമോ ? | (സി) ഇൻകെൽ കേരളത്തിന്റെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട പത്ത് പ്രോജക്ടുകളുടെ സാധ്യതാപഠനത്തിനുവേണ്ടി ഐ.എൽ.& എഫ്.എസ് ഐ.ഡി.സി (ഐ.എൽ& എഫ്.എസ് ഇൻഫ്രാട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) എന്ന കമ്പനിയെ നിയോഗിക്കുകയും അവരിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ട് ലഭിയ്ക്കുകയും ചെയ്തു.<br><br>ഇൻകെൽ പ്രോജക്ടുകൾ നടപ്പിലാക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ നിയമിച്ചു കഴിഞ്ഞു.<br><br>വിവിധ ഊർജ്ജോത്പാദന പദ്ധതികൾ കമ്പനി--യുടെ പരിഗണനയിലുണ്ട്. |

(തുടർച്ച...2)

മുനിസിപ്പൽ കോർപ്പറേഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ട്രിഡ എന്നിവയു--മായി സഹകരിച്ച് വ്യവസായത്തിനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

മറ്റു വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സാധ്യതാപഠനം പ്രാരംഭദശ--യിലാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 578 — 21.07.2008-ൽ മറുപടിക്ക്

## കേന്ദ്രീകൃത ജല വി...ണ കണക്ഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം. മുരളി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമയ ബന്ധിതമായി വാട്ടർ കണക്ഷൻ നൽകുന്നതിന് കേന്ദ്രീകൃത ശുദ്ധജല വിതരണ കണക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; | (എ) & (ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം നഗരത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ഈ പദ്ധതിയിൻ കീഴിൽ അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (സി) ഈ പദ്ധതിയിന്മേൽ ഗാർഹിക വിഭാഗത്തിൽ അപേക്ഷ നൽകിയാൽ കണക്ഷൻ നൽകുന്നതിനു വേണ്ടി റോഡ് മുറിക്കേണ്ടതായുണ്ടെങ്കിൽ അതിനുള്ള അനുമതി ലഭിച്ചതിനുശേഷവും, മറ്റ് തടസ്സങ്ങളില്ലായെങ്കിൽ അപേക്ഷ ലഭിച്ച് 7 ദിവസത്തിനുള്ളിലും കണക്ഷൻ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ഡി) ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഈ സംവിധാനം ഉപയോഗിച്ച് ഇതുവരെ ഓരോ ജില്ലയിലും എത്ര പേർക്ക് വീതം ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയുമോ ? | (ഡി) തിരുവനന്തപുരം നഗരത്തിൽ 7874 പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 579

21.07.2008-ൽ മറുപടിക്ക്

കേന്ദ്ര പൊതുമേഖലയുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ജയരാജൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലയുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; | (എ)<br>1. ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലി. (ടെൽക്ക്)<br>2. കേരളാ മിനറൽസ് & മെറ്റൽസ് ലി. (കെ.എം.എം.എൽ)-എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്ര സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ളത്.<br>സ്റ്റീൽ കോംപ്ലെക്സ് ലിമിറ്റഡ് (SCL), ആട്ടോകാസ്റ്റ് എന്നീ സ്ഥാപനങ്ങൾ MoU ഒപ്പുവെച്ചിട്ടുണ്ട്. |
| (ബി) ഇനി ഏതെങ്കിലും കേന്ദ്ര പൊതുമേഖലാ കമ്പനിയുമായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) നാഷണൽ തെർമൽ പവർ കോർപ്പറേഷനും ടെൽക്കും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (സി) നാഷണൽ തെർമൽ പവർ കോർപറേഷനും (എൻ.ടി.പി.സി) ടെൽക്കും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഫലമായി എൻ.ടി.പി.സി. ക്കും കേരള സർക്കാരിനും തുല്യ നിയന്ത്രണാധികാരമുള്ള ഷെയറുകൾ ഉണ്ടായിരിക്കും. ഈ സംരംഭത്തിന്റെ രണ്ടാം ഘട്ടത്തോടുകൂടി 10,000 എം.വി.എ. ഉത്പാദനം ലക്ഷ്യമിടുന്നു. ഡെബ്റ്റ് ഇക്വിറ്റി 63:35 എന്ന അനുപാതത്തിൽ 190 കോടി രൂപ എൻ.ടി.പി.സി. ടെൽക്കിൽ നിക്ഷേപിക്കും. |

(തുടർച്ച....2)

| | |
|---|---|
| (ഡി) ഇവിടെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനമാണ് നടത്തിയത് ; | (ഡി) എൻ.ടി.പി.സി.-യുമായിട്ടുള്ള ഷെയർ കൈമാറ്റ പ്രക്രിയ നടന്നു കഴിഞ്ഞതിന് ശേഷമേ വികസന പ്രവർത്തനത്തിനുള്ള മുതൽ മുടക്കുകയുള്ളൂ. |
| (ഇ) കഴിഞ്ഞ വർഷം പൂർണ്ണ ഉൽപ്പാദനശേഷി കൈവരിക്കാനുള്ള ശ്രമം വിജയിച്ചിട്ടുണ്ടോ ? | (ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 580

21.07.2008 ൽ മറുപടിയ്ക്ക്

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ<br>ശ്രീമതി. ഇ. എസ്. ബിജി മോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. കെ. അജിത്<br>ശ്രീ. ബാബു പോൾ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ പ്രോബബിൾ മാക്സിമം ഫ്ളഡ് എസ്റ്റിമേഷനും, ഫ്ളഡ് റൂട്ടിംഗ് സ്റ്റഡിയും സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്.<br><br>1. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്തിലെ രണ്ടു ദിവസത്തിലെ ഏറ്റവും കൂടുതലായുണ്ടാകാവുന്ന മഴ [Two day maximum probable precipitation] 65.43 cm ആണ്.<br>2. അത്തരത്തിലൊരു മഴയുണ്ടായാൽ 2.91 ലക്ഷം ക്യൂസെക്സ് ജലം വെള്ളപ്പൊക്കമായി (PMF) മുല്ലപ്പെരിയാർ വൃഷ്ടി പ്രദേശത്ത് ഉണ്ടാവുകയും 13.86 Tmcft ജലം 70 മണിക്കൂറിനുള്ളിൽ മുല്ലപ്പെരിയാർ ജലസംഭരണിയിലേക്ക് ഇരച്ചു കയറുകയും ചെയ്യും.<br>3. പ്രസ്തുത സന്ദർഭത്തിൽ ഫുൾ റിസർവോയർ ലെവൽ (FRL) 136 അടിയായിരുന്നാലും, |

അണക്കെട്ടിന്റെ 13 ഷട്ടറുകളും തുറന്നു വച്ചിരുന്നാലും അണക്കെട്ടിലെ മാക്സിമം വാട്ടർ ലെവൽ (MWL) 158.67 അടിയായി കുതിച്ചുയരും.

4. ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് അനുസരിച്ച് മനുഷ്യ സഹജമായതോ യന്ത്രത്തിന്റേതോ ആയ പാകപ്പിഴകൾ മൂലമുണ്ടാകുന്ന തടസ്സങ്ങൾ മുന്നിൽക്കണ്ടു കൊണ്ട് സ്പിൽവേ കപ്പാസിറ്റിയുടെ 10% പ്രവർത്തന രഹിതമാണെന്ന് കരുതേണ്ടതാണ്. അത്ത. ാമൊരു സാഹചര്യത്തിൽ പഠനങ്ങ ൾ നടത്തുമ്പോൾ (അതായത് 13 ഷട്ടറുകളിൽ 11 എണ്ണം മാത്രം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ) വെള്ളപ്പൊക്കമുണ്ടായാൽ MWL 160.22 അടിയാകും.

5. നിർണ്ണയിച്ചിട്ടുള്ള PMF ഉം നിലവിലുള്ള സ്പിൽവേ കപ്പാസിറ്റിയും അനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ട് ഹൈഡ്രോളജിക്കലായി സുരക്ഷിതമല്ല.

(ബി) പരമാവധി പ്രളയം ഉണ്ടാകുമ്പോൾ അണക്കെട്ടിനുണ്ടാകുന്ന അവസ്ഥയെ സംബന്ധിച്ച് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് രണ്ടു ദിവസത്തിലെ ഏറ്റവും കൂടുതലായുണ്ടാകാവുന്ന 65.43 cm മഴയുണ്ടായാൽ 2.91 ലക്ഷം ക്യുസെക്സ് ജലം വെള്ളപ്പൊക്കമായി (PMF) മുല്ലപ്പെരിയാർ വൃഷ്ടി പ്രദേശത്ത് ഉണ്ടാവുമെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ വെള്ളപ്പൊക്കമുണ്ടായാൽ 13.86 Tmcft ജലം 70 മണിക്കൂറിനുള്ളിൽ മുല്ലപ്പെരിയാർ ജലസംഭരണിയിലേക്ക് ഇരച്ചു കയറും. പ്രസ്തുത സന്ദർഭത്തിൽ FRL 136 അടിയായിരുന്നാലും, അണക്കെട്ടിന്റെ 13 ഷട്ടറുകളും തുറന്നുവച്ചിരുന്നാലും അണക്കെട്ടിലെ മാക്സിമം വാട്ടർ ലെവൽ 158.67 അടിയായി കുതിച്ചുയരുമെന്നും

റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) അണക്കെട്ട് പ്രദേശത്തെ ഭൂമികുലുക്കം സംബന്ധിച്ച് പഠനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പഠനം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ട്.

(ഡി) ഗവൺമെന്റിന് ലഭിച്ച പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ഡി) ലഭ്യമായ പഠന റിപ്പോർട്ടുകൾ, ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ കേസിൽ കേരളത്തിന്റെ ഭാഗത്തു നിന്നുള്ള് അഫിഡവിറ്റുകളായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 581 | 21.7.008—ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റി വാങ്ങുന്ന പൈപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലഅതോറിറ്റി വാങ്ങുന്ന പൈപ്പുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) ജലഅതോറിറ്റി ശുദ്ധജല വിതരണ പദ്ധതികൾക്കായി വാങ്ങുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് അതോറിറ്റി നിയമിക്കുന്ന സ്വതന്ത്ര പരിശോധന ഏജൻസി, പൈപ്പുകളുടെ നിർമ്മാണ കേന്ദ്രങ്ങളിൽ പൈപ്പു നിർമ്മാണ വേളയിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിലുള്ള പരിശോധനകൾ നടത്താറുണ്ട്. |
| (ബി) പൈപ്പുകൾക്ക് ഐ.എസ്.ഐ. ഗുണനിലവാരം ഉണ്ടോ എന്നു പരിശോധിക്കാറുണ്ടോ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ആവശ്യത്തിലധികം പൈപ്പ് വാങ്ങിക്കൂട്ടുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) & (ഡി) | വാട്ടർ അതോറിറ്റി, പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ കേന്ദ്രീകൃത രീതിയിൽ വാങ്ങുന്ന രീതി കഴിഞ്ഞ കുറെ വർഷങ്ങളായി നിർത്തി വെച്ചിരിക്കുകയാണ്. പകരം കരാറുകാർ തന്നെ പൈപ്പുകൾ വാങ്ങി സ്ഥാപിക്കുന്ന (supplying and laying) രീതിയിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇങ്ങനെ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് ഒന്നു മുതൽ മൂന്നു വർഷം വരെ ഗ്യാരൻറിയും നിഷ്കർഷിക്കുന്നുണ്ട്. ഗ്യാരൻറി കാലാവധിയിൽ പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടി വന്നാൽ അതിനുള്ള ചെലവ് കരാറുകാർ തന്നെ വഹിക്കുന്നതാണ്. |
| (ഡി) | പൈപ്പു കൾക്ക് കമ്പനികൾ ഗ്യാരണ്ടി നൽകാറുണ്ടോ ; എങ്കിൽ ഗ്യാരണ്ടി കാലാവധിക്കകം പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടി വന്നാൽ അതിനുള്ള ചെലവ് പൈപ്പ് കമ്പനി വഹിക്കുമോ; | | |
| (ഇ) | ചവറയിൽ പി.വി.സി പൈപ്പ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ? | (ഇ) | ചവറയിൽ പി.വി.സി പൈപ്പ് ഫാക്ടറി സ്ഥാപിക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ ഒരു അവലോകന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 582

21/7/2008 -ൽ മറുപടിക്ക്

## ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>" ജോസഫ് എം.പുതുശ്ശേരി<br>" റോഷി അഗസ്റ്റിൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് നല്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ; | ബി) സ്കൂൾ ഹെൽത്ത് കാർഡിന്റെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. |
| സി) ഈ പദ്ധതിക്കായി സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്; | സി) ഈ പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ഒന്നാം ഘട്ടമായുള്ള പൈലറ്റ് പദ്ധതി ആരോഗ്യവകുപ്പ്, സ്പോർട്സ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ചർച്ച തുടർന്നു വരുന്നു. |
| ഡി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) കേരളത്തിൽ ഇപ്പോൾ ആരോഗ്യ വകുപ്പ് വഴി സ്കൂൾ ഹെൽത്ത് പ്രോഗ്രാം നിലവിലുണ്ട്. ഇതിൽ എല്ലാ ക്ലാസുകളിലേയും കുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ല. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ സഹായത്തോടെ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സർക്കാർതലത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഓരോ സ്കൂളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ രണ്ടാമത് ഒരു സ്കൂളിലും കൂടി |

Contd. on P.2

ഹെൽത്ത് കാർഡ് നൽകുന്നതിന് ഒന്നാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നു.

K.S. Sudha
സെക്ഷൻ ഓഫീസർ

5
19/7

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 583

21.07.2008-ൽ മറുപടിക്ക്

## കോഴിക്കോട് വ്യവസായ പാർക്കും ഉപഗ്രഹനഗരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) മലേഷ്യൻ സർക്കാരിന്റെ കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ബോർഡ് കെ.എസ്.ഐ.ഡി.സി. യുമായി സഹകരിച്ച് കോഴിക്കോട് വ്യവസായ പാർക്കും ഉപഗ്രഹ നഗരവും സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയുടെ ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. 2007 സെപ്റ്റംബർ 10-ാം തീയതി കെ.എസ്.ഐ.ഡി.സി. മലേഷ്യൻ സർക്കാരിന്റെ കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബോർഡുമായി ചേർന്ന് ഈ പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. |
| (സി) പദ്ധതിയിൽ എത്ര കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു ; | (സി) ഏകദേശം 2500 കോടി രൂപ |
| (ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് അറിയിക്കുമോ ? | (ഡി) ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി പ്രത്യക്ഷവും പരോക്ഷവുമായി ഏകദേശം 15000 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 584. 21-07-2008-ൽ മറുപടിയ്ക്ക്

## ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പള്ളിപ്രം ബാലൻ:<br>ശ്രീ.ബാബു പോൾ:<br>ശ്രീ.എൻ.രാജൻ:<br>ശ്രീ.എൻ.അനിരുദ്ധൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ കരട് തയ്യാറായിട്ടുണ്ടോ; എങ്കിൽ ഈ കരട് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br>(ബി)<br>ഈ കരട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും<br>സംസ്ഥാനത്തെ ഒന്നാം ക്ലാസുമുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യ വിഷയമാക്കുന്നതിനുള്ള പാഠ്യപദ്ധതിയുടെ കരട് സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയുടെ പരിഗണനയിലാണ്. പ്രസ്തുത കരട് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിക്കുന്നതിന് കരിക്കുലം കമ്മിറ്റി കൺവീനറായ എസ്.സി.ഇ.ആർ.റ്റി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി)<br>ഈ പദ്ധതി ഏതു വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി)<br>റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി)<br>കൗമാര വിദ്യാഭ്യാസത്തിനുള്ള അദ്ധ്യാപക പരിശീലന മൊഡ്യൂളിൽ എന്തെല്ലാമാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി)<br>കൗമാര ആരോഗ്യ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്കുള്ള സ്കൂൾതല പരിശീലന രൂപരേഖയ്ക്ക് പ്രധാനമായും നാല് ഭാഗങ്ങളാണുള്ളത്. കുട്ടിയ്ക്ക് സമൂഹത്തിൽ തന്റെ ഇടം കണ്ടെത്താനും സമൂഹത്തെ ഉൾക്കൊള്ളാനും സഹായിക്കുന്ന ജീവിത നൈപുണികളെ കുറിച്ചുള്ള ആശയങ്ങളാണ് ജീവിത നൈപുണികൾ എന്ന ഒന്നാം ഭാഗത്തിൽ. രണ്ടാം ഭാഗം 2 എ, 2 ബി എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. കൗമാരക്കാരുടെ വളർച്ച എന്നിവ 2 എ-യിലും പ്രജനന ആരോഗ്യം, പോഷകാഹാരം, ശുചിത്വം എന്നിവ 2 ബിയിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. ലൈംഗിക രോഗങ്ങളും, എയ്ഡ്സ്/എച്ച്.ഐ.വി.യും പ്രതിരോധ മാർഗ്ഗങ്ങളും ചികിത്സയുമാണ് മൂന്നാം ഭാഗത്തിലെ പ്രതിപാദ്യം. നാലാം ഭാഗത്തിൽ കൗൺസിലിംഗിനെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 21.07.2008-ൽ
ചോദ്യം നമ്പർ : 585 മറുപടിക്ക്

## വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപവും കേന്ദ്ര സഹായവും

**ചോദ്യം**

ശ്രീ. എ.സി. മൊയ്തീൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ.സി. രാജഗോപാലൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. ഹംസ :

(എ) വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപവും കേന്ദ്ര സഹായവും നേടിയെടുക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിലെ ഏതെല്ലാം മന്ത്രാലയങ്ങളുമായി വ്യവസായ മന്ത്രി ചർച്ച നടത്തി ;

(സി) ഇതിന്റെ ഫലമായി കൂടുതൽ കേന്ദ്ര സഹായമോ പുതിയ പദ്ധതികളോ വ്യവസായ നിക്ഷേപമോ നേടിയെടുക്കു--ന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(ഡി) വ്യവസായവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ?

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപവും കേന്ദ്ര സഹായവും നേടിയെടുക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

(ബി) കേന്ദ്ര വസ്ത്ര മന്ത്രാലയം, കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം, കേന്ദ്ര വാണിജ്യ മന്ത്രാലയം എന്നീ മന്ത്രാലയങ്ങളുമായി വ്യവസായ മന്ത്രി ചർച്ച നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വ്യവസായവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 586 | 21/07/2008-ൽ മറുപടിയ്ക്ക് |
|---|---|

**മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ)<br>മെഡിക്കൽവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിലും സംസ്ഥാനബഡ്ജറ്റിൽ തുക വക കൊള്ളിച്ചും, കേന്ദ്രത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിയും, ആശുപത്രി വികസന സൊസൈറ്റികൾ വഴിയുമാണ് ആധുനികോപകരണങ്ങൾ വാങ്ങുന്നത്. |
| (ബി) കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ എത്ര കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; ഇതിൽ വിദേശ രാജ്യങ്ങളിൽ നിന്നും എത്ര കോടി രൂപയുടെ ഉപകരണങ്ങളാണ് വാങ്ങിയത് ; | (ബി) അഞ്ച് മെഡിക്കൽ കോളേജുകളിലുമായി കഴിഞ്ഞ രണ്ടു വർഷകാലയളവിൽ 26,19,44,000/- രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും 2,71,40,000/-രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിദേശ നിർമ്മിത ഉപകരണങ്ങൾ അവരുടെ ഇന്ത്യയിലെ വിതരണക്കാർ മുഖേനയും വാങ്ങാറുണ്ട്. |
| (സി) അത്യാധുനിക ഉപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് ടെക്നീഷ്യന്മാർക്കും മറ്റും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;<br>(ഡി) കേടായ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ? | (സി) യും (ഡി) യും<br>അത്യാധുനിക ഉകരണങ്ങൾ വാങ്ങുമ്പോൾ തന്നെ വേണ്ട പരിശീലനം ബന്ധപ്പെട്ട ടെക്നീഷ്യൻമാർക്കും ഡോക്ടർമാർക്കും നൽകുന്നതിന് കമ്പനികളുമായി കരാറിൽ ഏർപ്പെടാറുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വളരെ സുസജ്ജമായ സെൻട്രൽ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 587

21.07.2008-ൽ
മറുപടിക്ക്

### വിദേശ മലയാളികളുടെ സഹകരണത്തോടെയുള്ള വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| വിദേശമലയാളികളുടെ സഹകരണത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ച് ഏതെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ? | ഇൻകൽ (InKEL) എന്ന കമ്പനിയ്ക്ക് രൂപം നൽകിയതു പ്രധാനമായും വിദേശ മലയാളികളുടെ നിക്ഷേപം ആകർഷിക്കു--ന്നതിനാണ്. ഇൻകലിന്റെ പദ്ധതികൾ തയ്യാറാക്കി വരുന്നതേയുള്ളൂ. വ്യവസായ നിക്ഷേപങ്ങൾ പ്രത്യേകിച്ച് വിദേശ മലയാളികളുടെ നിക്ഷേപം ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്രയും കെ.എസ്.ഐ.ഡി.സി.യും നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ പുരോഗതിയും അനുബന്ധ-മായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>കിൻഫ്ര</u> :

വിദേശ മലയാളികളുടെ നിക്ഷേപം ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കിൻഫ്രയുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്ന പദ്ധതികൾ :

1. കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ.
2. കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ, പത്തനംതിട്ട.
3. കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, കുന്നംതാനം, പത്തനംതിട്ട.
4. കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, അടൂർ, പത്തനംതിട്ട.
5. ബയോടെക്നോളജി ഇൻക്യുബേഷൻ സെന്റർ, കളമശ്ശേരി.

കിൻഫ്രയുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതി

ഇൻഡഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട്.

കിൻഫ്രയുടെ പുതിയ പദ്ധതികൾ :

1. മെഗാ ഫുഡ് പാർക്ക്, വയനാട്.
2. സ്പൈസസ് പാർക്ക്, ഇടുക്കി.
3. റബ്ബർ പാർക്ക്, റാന്നി, പത്തനംതിട്ട.
4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, കോഴിക്കോട്.
5. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, തൃശ്ശൂർ.
6. മറൈൻ പാർക്ക്, ബേപ്പൂർ, കോഴിക്കോട്.
7. കേര പാർക്ക്, തൃശ്ശൂർ.
8. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ.
9. കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊല്ലം.
10. പാരമ്പര്യേതര ഊർജ്ജവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ പാർക്ക്.

<u>കെ.എസ്.ഐ.ഡി.സി</u> :

വിദേശ മലയാളികളുടെ സഹകരണത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ച് കെ.എസ്.ഐ.ഡി.സി ബോർഡ് അംഗീകരിച്ച 12 പദ്ധതികളുടെ വിശദാംശ -ങ്ങൾ ചുവടെ ചേർക്കുന്നു.

(തുടർച്ച......2)

പൂർത്തിയായ പദ്ധതികൾ :

1. ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ പ്രൈ. ലി., തൃശ്ശൂർ.
2. ലഗൂണ കുമരകം റിസോർട്ട്സ് പ്രൈ. ലി., കുമരകം.
3. ഫാൽക്കൺ ഇൻഫ്രാസ്ട്രക്ചർ ലി.
4. കൊച്ചിൻ കാഗസ് ലി.

പൂർത്തിയായി വരുന്ന പദ്ധതികൾ :

1. ചാമത്തിൽ ആന്റ് ഡോ.ഫ്രാങ്ക്ലിൻ വെൻച്വേഴ്സ് പ്രൈ. ലി.

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതികൾ :

1. ഇൻഡ്രോയൽ ഹോട്ടൽസ് പ്രൈ. ലി., കൊച്ചി.
2. ലേക്ക് ഷോർ ഹോസ്പിറ്റൽസ്, ലി., കൊച്ചി.
3. പൊക്കാലത്ത് റിസോർട്ട്സ് പ്രൈ. ലി., ഷൊർണ്ണൂർ.
4. അസ്സിസ്റ്റ് ഗ്ലോബൽ സർവ്വീസസ് പ്രൈ. ലി.
5. കെ.ജി.എ. റിസോർട്ട്സ് & ഹോട്ടൽസ് (പ്രൈ) ലി.
6. ഹിൽ വ്യൂവാലി ഹോസ്പിറ്റാലിറ്റി (പ്രൈ) ലി.
7. യെൻകെ കോംപ്ലക്സ് പ്രൈ ലി.

*****

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 588 — 21-07-2008-ൽ മറുപടിയ്ക്ക്

## ഹൈആൾട്ടിറ്റ്യൂഡ് പരിശീലന കേന്ദ്രത്തിന്റെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ.കെ.ജയചന്ദ്രൻ:
ശ്രീ.എസ്.രാജേന്ദ്രൻ:

**ഉത്തരം**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ) മൂന്നാറിലെ ഹൈആൾട്ടിറ്റ്യൂഡ് പരിശീലന കേന്ദ്രത്തിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) 2008 മാർച്ച് 16-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കിയ മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് പരിശീലന കേന്ദ്രത്തിന്റെ ഒന്നാം ഘട്ടത്തിൽ അത്‌ലറ്റിക്ക് ട്രാക്ക്, വോളിബോൾ കോർട്ട്, കായിക താരങ്ങൾക്കുള്ള ഹോസ്റ്റലുകൾ എന്നിവ 5.50 കോടി രൂപാ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. 50 കായിക താരങ്ങൾക്ക് താമസിച്ച് പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളാണ് ഇപ്പോൾ ഒരുക്കിയിട്ടുള്ളത്. ഓട്ട മത്സരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ഇപ്പോൾ തയ്യാറായിട്ടുള്ളത്.

(ബി) സ്പോർട്ട്സ് രംഗത്ത് ഈ കേന്ദ്രത്തിന്റെ പ്രവർത്തനം മൂലം ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണ്;

(ബി) മൂന്നാറിലെ കാലാവസ്ഥ വർഷം മുഴുവനും പരിശീലനത്തിന് അനുയോജ്യമാണ്. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരവും മലിനീകരണ വിമുക്തവുമായ അന്തരീക്ഷവും കായിക താരങ്ങൾക്ക് കൂടുതൽ സമയം ക്ഷീണം കൂടാതെ പരിശീലനം നടത്താൻ സഹായകരമാണ്. മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് കേന്ദ്രത്തിനു സമീപമുള്ള കുന്നുകൾ 1700 മീറ്റർ വരെ ഉയരത്തിൽ പരിശീലനം നടത്താൻ അവസരം നൽകുന്നു. മൂന്നാറിൽ സ്ഥിതി ചെയ്യുന്ന ഹൈറേഞ്ച് ഗോൾഫ് കോഴ്സും ചായത്തോട്ടങ്ങളും ദീർഘദൂര ഓട്ടക്കാരുടെ പരിശീലനത്തിന് വളരെ അപൂർവ്വമായ അനുയോജ്യ ഘടകങ്ങളാണ്. മേൽപ്പറഞ്ഞിരിക്കുന്ന മൂന്നാറിന്റെ ഭൂമിശാസ്ത്ര പരവും കാലാവസ്ഥാപരവുമായ പ്രത്യേകതകൾ മൂലം നമ്മുടെ നാട്ടിലെ കായികതാരങ്ങൾക്ക് ലോകോത്തര പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് സഹായിക്കുന്നു. ഇപ്പോൾ ഉള്ള സംവിധാനങ്ങൾ തന്നെ ഈ കേന്ദ്രത്തെ ലോകത്തിലെ മികച്ച ഹൈആൾട്ടിറ്റ്യൂഡ് പരിശീലന കേന്ദ്രങ്ങളിൽ ഒന്നാക്കുന്നുണ്ട്.

(സി) ഏതെല്ലാം സ്പോർട്ട്സ് ഇനങ്ങൾക്കാണ് ഇവിടെ പരിശീലനം നൽകുന്നത്;

(സി) വിവിധ ഓട്ടമത്സരങ്ങൾക്കു വേണ്ട പരിശീലന സൗകര്യങ്ങളാണ് ഇപ്പോൾ ഇവിടെയുള്ളത്.

(ഡി) പരിശീലന കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(ഡി) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സിന്തറ്റിക് ട്രാക്ക്, മഴയത്തും പരിശീലനം നടത്തുന്നതിന് മേൽക്കൂരയോടു കൂടിയ ഗ്രാസ് ട്രാക്ക് ആധുനിക സജ്ജീകരണങ്ങളോടു കൂടി ഐസോ കൈനറ്റിക് ജിം, മെഡിസിൻ സെന്റർ, റിക്കവറി സെന്റർ, സ്വിമ്മിംഗ് പൂൾ, മികച്ച ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 589 **21.7.008—**ൽ മറുപടിക്ക്

### പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. യൂസഫ്<br>ശ്രീ. വി.ശശികുമാർ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ | **ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് ജല അതോറിറ്റിക്ക് പദ്ധതിയുണ്ടോ; | (എ) **ഉണ്ട്.** |
| (ബി) ഏതെല്ലാം പ്രദേശങ്ങളിലെ എത്ര കിലോ മീറ്റർ കേടായ പൈപ്പുകൾ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) **ഉത്തരം അനുബന്ധമായി ചേർക്കുന്നു.** |
| ((സി) ഇതിന് ഏതെല്ലാം ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ട്; | (സി) **ജെ.ബി.ഐ.സി യുടെ റീഹാബിലിറ്റേഷൻ പദ്ധതി, ജെ.എൻ.എൻ.** യു.ആർ.എം, നബാർഡ്, സുനാമി ദുരിതാശ്വാസപദ്ധതി , യു.ഐ.ഡി. എസ്.എസ്.എം.റ്റി എന്നീ **ഏജൻസികളിൽ നിന്നുള്ള സഹായമാണ് പ്രതീക്ഷിക്കുന്നത്** |

| | | |
|---|---|---|
| (ഡി) | കേടായ പൈപ്പുകൾ മാറ്റുന്നതിനുള്ള മുൻഗണനാക്രമം എങ്ങനെയാണ് നിശ്ചയിക്കുന്നത്? | (ഡി) പൈപ്പുകളുടെ കാലപ്പഴക്കം, കേടുപാടുകളുടെ വ്യാപ്തി, പദ്ധതിയുടെ പ്രാധാന്യം/പദ്ധതിയുടെ ശേഷി അവയെ ആശ്രയിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കിലെടുത്താണ് കേടായ പൈപ്പുകൾ മാറ്റിയിടുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നത്. |
| (ഇ) | ഈ വർഷം എത്ര കിലോമീറ്റർ പൈപ്പുകൾ മാറ്റി സ്ഥാപിക്കുമെന്ന് അറിയിക്കുമോ? | (ഇ) തിരുവനന്തപുരത്ത് ഉദ്ദേശം 50 കി.മീറ്റർ പൈപ്പും കൊല്ലത്ത് ഉദ്ദേശം 13 കി.മീറ്റർ പൈപ്പും അാലപ്പുഴയിൽ ഉദ്ദേശം 10 കി.മീറ്റർ പൈപ്പും കൊച്ചിയിൽ ഉദ്ദേശം 50 കി.മീറ്റർ പൈപ്പും ഫണ്ടിന്റെ ലഭ്യതയ്ക്ക് **വിധേയമായി** മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T590 21-7-2008-ൽ മറുപടിയ്ക്ക്

## പുതിയ ബൗദ്ധിക സ്വത്തവകാശ നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ എം മുരളി :<br>" കെ. സി. വേണുഗോപാൽ:<br>" കെ ബാബു:<br>" എം. എ. വാഹീദ് | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ പുറത്തിറക്കിയ പുതിയ ബൗദ്ധിക സ്വത്തവകാശ നയത്തിൽ എന്തിനൊക്കെയാണ് ഊന്നൽ നൽകിയിരിക്കുന്നത് ; | പാരമ്പര്യ വിജ്ഞാനം (Traditional Knowledge) , ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട വിജ്ഞാനം (Knowledge Associated with Biological Resources) എന്നിവയുടെ സംരക്ഷണത്തിനാണ് കേരള ബൗദ്ധികസ്വത്തവകാശ നയം 2008 പ്രധാനമായും ഊന്നൽ നൽകുന്നത്. സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ളതോ, സാമ്പത്തിക സഹായത്തിലുള്ളതോ ആയ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പദ്ധതികളിൽ നിന്ന് ഉത്ഭവിക്കുന്ന ബൗദ്ധിക സ്വത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചു തീരുമാനം എടുക്കുന്നതിനും ഈ നയം ഊന്നൽ നൽകുന്നുണ്ട്. |
| (ബി) ഇതിനായി രൂപീകരിക്കുന്ന പാരമ്പര്യവിജ്ഞാന അതോറിറ്റിയിൽ എന്തൊക്കെ വിജ്ഞാനങ്ങൾ രജിസ്റ്റർ ചെയ്യാനും സംരക്ഷിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | ചില പ്രത്യേക സമുദായങ്ങളോ കുടുംബങ്ങളോ സ്ഥാപനങ്ങളോ സംരക്ഷിച്ചു പോരുന്നതും, തലമുറകളായി കൈമാറി വരുന്നതുമായ പാരമ്പര്യ വിജ്ഞാനം പാരമ്പര്യ വിജ്ഞാന അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാനും, സംരക്ഷിക്കുവാനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വിജ്ഞാനത്തിന്റെ അവകാശികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശികൾക്ക് പ്രധാനമായും ഒരു 'ബ്രാൻഡ് നെയിം ' ഉപയോഗിക്കുവാനും പാരമ്പര്യ വിജ്ഞാനത്തിനെ വ്യാവസായികവും വ്യാവസായികേതരവുമായുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനും ഉള്ള അവകാശം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പാരമ്പര്യ വിജ്ഞാന അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പാരമ്പര്യ വിജ്ഞാനത്തിന്റെ അവകാശികൾക്ക് സ്വതന്ത്ര വിജ്ഞാന ക്രയവിക്രയ ലൈസൻസ് ('Commons Licence') ലഭിച്ചതായും കണക്കാക്കപ്പെടും.

(ഡി) സ്വതന്ത്ര വിജ്ഞാന ക്രയവിക്രയ ലൈസൻസ് നൽകുന്നതിന് ഈ നയത്തിൽ എന്തൊക്കെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് ;

സ്വതന്ത്ര വിജ്ഞാന ക്രയവിക്രയ ലൈസൻസ് നൽകുന്നതിന് ആവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കുന്നതായിരിക്കും.

(ഇ) സ്വതന്ത്ര വിജ്ഞാന സഞ്ചയം രൂപീകരിക്കുന്നതിലൂടെ പാരമ്പര്യ വിജ്ഞാനങ്ങൾ ശേഖരിക്കുന്നതിനും എല്ലാപേർക്കും ഉപയോഗിക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ?

എല്ലാ തരത്തിലുള്ള പാരമ്പര്യ വിജ്ഞാനങ്ങളെയും അറിവിന്റെ പൊതു ഭണ്ഡാരത്തിൽ (Public domain) നിക്ഷേപിക്കുന്നതിനു പകരം സ്വതന്ത്ര വിജ്ഞാന സഞ്ചയത്തിൽ ('Knowledge Commons') നിക്ഷേപിക്കാനും, അപ്രകാരം നിക്ഷേപിക്കുന്നതുവഴി പ്രസ്തുത പാരമ്പര്യ വിജ്ഞാനത്തിൻമേൽ ഒരു പ്രത്യേക വ്യക്തിയ്ക്കുള്ള അവകാശം ഇല്ലാതാക്കാനും എന്നാൽ എല്ലാവർക്കും വ്യവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പ്രാപ്യമാക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഈ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനായുള്ള കൂടുതൽ നിർദേശങ്ങൾ പിന്നീട് രൂപീകരിക്കുന്നതായിരിക്കും.

ഉത്തരവിൻ പ്രകാരം,

KS

സെക്ഷൻ ആഫീസർ.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 591 — 21-07-2008-ൽ മറുപടിയ്ക്ക്

## യൂത്ത് ഫോറത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

**ചോദ്യം**

**ശ്രീ.വി.ശശികുമാർ:**
**ശ്രീ.എ.എം.ആരിഫ്:**
**ശ്രീ.ബാബു എം.പാലിശ്ശേരി:**
**ശ്രീ.എം.ഹംസ:**
**ശ്രീ.മുരളി പെരുനെല്ലി:**

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ**
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ഫോറത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(എ)
ഇത് ഒരു യുവജന കൂട്ടായ്മയാണ്. പഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന യുവജന പ്രവർത്തകരായ യുവാക്കളെയാണ് യൂത്ത്ഫോറത്തിൽ എടുക്കുന്നത്. യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായ ചർച്ചയും തീരുമാനങ്ങളും ആണ് യൂത്ത് ഫോറത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതോടൊപ്പം നടത്തുന്ന 'ജോബ്ഫെയറിൽ' നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്.

(ബി)
ഇതുവരെ നടന്ന മേളകളിൽ കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ ;

(ബി)
യൂത്ത് ഫോറത്തിന്റെ ഭാഗമായി നടന്ന സെമിനാറുകളെ അധികരിച്ച് കരട് യുവജന നയം അംഗീകരിച്ചിട്ടുണ്ട്. യുവജനങ്ങളിൽ ദിശാ ബോധം വളർത്തുന്നതിനും വിവിധ സംസ്ഥാനങ്ങളിലെ സാംസ്കാരിക പാരമ്പര്യം അടുത്തറിയുന്നതിനും മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികൾക്ക് നമ്മുടെ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ കുറിച്ച് പഠിക്കുവാനും പരിചയപ്പെടുവാനും ദേശീയോദ്ഗ്രഥന ക്യാമ്പ് സാധിച്ചു. യൂത്ത് ഫോറത്തിന്റെ ഭാഗമായി ആയിരക്കണക്കിന് തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ തൊഴിൽ മേള സംഘടിപ്പിക്കുകയുണ്ടായി. ഈ മേളകളിലൂടെ (ജോബ് ഫെയർ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉദ്ദേശം 2055 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി)
മേളയോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നത്;

(സി)
(1) തൊഴിൽമേള.
(2) ദേശീയോദ്ഗ്രഥന ക്യാമ്പ്.
(3) എക്സിബിഷൻ ഫോർ യൂത്ത്.
(4) യൂത്ത്ഫോറം.
(5) നാടൻ കലാമേള.
(6) യുവശക്തി ബോധവൽക്കരണം.
(7) യുവനേതൃത്വ പരിശീലനം.
(8) ക്യാമ്പസ് മീറ്റ്.

എന്നിവയാണ് മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടികൾ.

(ഡി)
മേളയോടനുബന്ധിച്ച് തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ടോ;

(ഡി)
ഉണ്ട്.

(ഇ)
മേളകളിൽ യുവജനങ്ങളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ)
ഇത്തരം മേളകളിൽ യുവജനങ്ങളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ടുന്ന പദ്ധതികളും പ്രോജക്ടുകളുമാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നത്.

Vabi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 592   21-7-2008-ൽ മറുപടിയ്ക്ക്

## ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി. കെ. അബ്ദുറബ്ബ് :<br>" കെ. കുട്ടി അഹമ്മദ് കുട്ടി : | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഘടന വ്യക്തമാക്കുമോ ; | ഹൈക്കോടതി ചീഫ് ജസ്റ്റീസ് രക്ഷാധികാരിയായും ഒരു സീനിയർ ഹൈക്കോടതി ജഡ്ജി എക്സിക്യൂട്ടീവ് ചെയർമാനായും പ്രവർത്തിക്കുന്ന ഈ അധികാര സമിതിയുടെ മെമ്പർ സെക്രട്ടറി ഒരു ജില്ലാ ജഡ്ജിയാണ്. സർക്കാർ നോമിനേറ്റ് ചെയ്യുന്ന 7 അംഗങ്ങളെ കൂടാതെ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പബ്ലിക് പ്രോസിക്യൂഷൻ, നിയമ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് , കേരള ബാർ കൗൺസിൽ ചെയർമാൻ, പ്രസിഡന്റ് -കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് അസോസിയേഷൻ, പ്രസിഡന്റ്-കേരള ബാർ ഫെഡറേഷൻ, കേരള സംസ്ഥാന വനിതാ കമ്മീഷൻ ചെയർ പേഴ്സൺ, ഹൈക്കോടതി രജിസ്ട്രാർ എന്നിവർ അംഗങ്ങളാണ്. |

| | |
|---|---|
| | സൗജന്യ നിയമ സേവനം നൽകുന്നത് കൂടാതെ, കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ വേണ്ടിയും പൊതുജനങ്ങളുടെ തർക്കപരിഹാരത്തിനു വേണ്ടിയും ലോക് അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (സി) അതോറിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | ഉണ്ട് |
| (ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പുതുതായി എന്തൊക്കെ സേവനങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | ഈ വർഷം എറണാകുളത്ത് ഒരു പെർമനന്റ് ലോക് അദാലത്ത് സ്ഥാപിക്കുന്നതാണ് |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 593 21/07/2008-ൽ മറുപടിയ്ക്ക്

## സംസ്ഥാന നേഴ്സിംഗ് കൗൺസിലിന്റെ ഘടനയിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജെ.അരുന്ധതി<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന നേഴ്സിംഗ് കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഇക്കാര്യം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്താമോ ;

(ഡി) നേഴ്സിംഗ് കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിന് നിയമനിർമ്മാണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

(എ), (ബി), (സി) & (ഡി)

സംസ്ഥാന നഴ്സിംഗ് കൗൺസിലിന്റെ ഘടന ഉൾപ്പെടെ നേഴ്സിംഗ് കൗൺസിൽ ആക്റ്റിൽ കാലോചിതമായിവരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി ആരോഗ്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ.കെ.മാത്യുജോസ് ചെയർമാനും നേഴ്സിംഗ് മേഖലയുമായി ബന്ധപ്പെട്ടവരുൾപ്പെടെ ആറ് ഉദ്യോഗസ്ഥർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: T * 594 21.07.2008-ൽ മറുപടിയ്ക്ക്

"മൊബൈൽഫോൺ ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ"

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എൻ. ശക്തൻ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് മുന്നറിയിപ്പ് പുറപ്പെടുവിച്ചത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നതു സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പ് വിശദമായ പഠനം നടത്തിക്കുന്നതായി അറിയുന്നു. എന്നാൽ ഏതെങ്കിലും വിധത്തിലുള്ള മുന്നറിയിപ്പ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതു സംബന്ധിച്ച് ടെലികോം മന്ത്രാലയം കരട് മാർഗ്ഗ നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) മൊബൈൽ ഫോണുകൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന വൈദ്യുത കാന്തിക തരംഗങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പൊതുജന ശ്രദ്ധയിൽപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) ഇല്ല |

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് പൊതുജന ബോധവത്കരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു പറയുമോ? | (ഡി) | മൊബൈൽ ഫോണിന്റെ അമിത ഉപയോഗം ആരോഗ്യ പ്രശ്നമുണ്ടാക്കുന്നു എന്നുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടോ എന്തെങ്കിലും നിർദ്ദേശമോ ലഭിച്ചാൽ പൊതുജന ബോധവല്കരണത്തിനായി നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. |

Obsarbme

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 595 | 21.7.2008 ൽ മറുപടിക്ക് |

### വൈദ്യുതി വിച്ഛേദനംമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. വേണുഗോപാൽ<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നില്ലെന്ന കാരണത്താൽ ഇടയ്ക്കിടെ വൈദ്യുതി വിച്ഛേദിക്കുന്നതുമൂലം രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ടുകളും ആശുപത്രികളുടെ പ്രവർത്തനം തകരാറിലാവുന്നതുമായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) & (ബി)<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കെ.എച്ച്.ആർ.ഡബ്ളിയു സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള പേവാർഡുകളിലും കാത്ത്ലാബിലും വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനെ തുടർന്ന് 16.6.08 ൽ വൈദ്യുതി വിച്ഛേദിക്കുകയുണ്ടായി. സർക്കാർ ഇടപെട്ട് അന്നുതന്നെ വൈദ്യുതി ബന്ധം പുനസ്ഥാപിക്കുകയുണ്ടായി. ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| സി) ആശുപത്രി പേവാർഡുകളിലെ രോഗികളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ വാടക ഈടാക്കിയിട്ടും ഇത്തരത്തിലുള്ള വൈദ്യുതി വിച്ഛേദനംമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ? | (സി) കെ.എസ്.ഇ.ബി.യുടെ പീനൽ ഇന്ററസ്റ്റ് സഹിതമുള്ള അരിയർസ് ഓഫ് ഡിമാൻഡ് അടയ്ക്കുന്നതിനുള്ള തുക കെ.എച്ച്.ആർ.ഡബ്ള്യു.എസ്സിന് ഇല്ലാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. തുടർന്ന് സർക്കാർ തലത്തിൽ കെ.എസ്.ഇ.ബി.യുമായി ചർച്ച നടത്തിയതിന്റെ വെളിച്ചത്തിൽ കറണ്ട് ഡിമാന്റ് കൃത്യമായി അടയ്ക്കുന്നതിനും പീനൽ ഇന്ററസ്റ്റ് കൂടാതെ അരിയർസ് അടച്ചു തീർക്കുന്നതിനും തീരുമാനമായി. അപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 596 — 21.07.2008-ൽ മറുപടിക്ക്

## കൊച്ചിയിൽ ദ്രവീകൃത പ്രകൃതിവാതക ടെർമിനൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൊച്ചിയിൽ ദ്രവീകൃത പ്രകൃതിവാതക ടെർമിനൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (എ) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; | (ബി) ഈ പദ്ധതിയ്ക്ക് പെട്രോനെറ്റ് ബോർഡിന്റെ അനുമതി കിട്ടിയിട്ടുണ്ട്. പെട്രോനെറ്റിന്റെ ചെയർമാൻ കേന്ദ്ര ഗവൺമെന്റിന്റെ പെട്രോളിയം സെക്രട്ടറിയാണ്. |
| (സി) പദ്ധതിയുടെ ഭാഗമായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭമായി ഒന്നാം ഘട്ട ഭൂമി നിരപ്പാക്കൽ, ചുറ്റുമതിൽ നിർമ്മാണം, മണ്ണ് പരിശോധന ഇവ നടന്ന് വരുന്നു. |
| (ഡി) പദ്ധതിയുടെ മൊത്തം നിർമ്മാണ ചെലവ് എത്രയാണ് ; | (ഡി) ഏകദേശം 2500 കോടി രൂപ. |
| (ഇ) സ്ഥലം ഏറ്റെടുത്തു നൽകുന്നതുൾപ്പെടെ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികളിൽ കാലതാമസമുണ്ടാകാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ; | (ഇ) സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികളിൽ കാലതാമസമൊന്നും തന്നെയില്ല. |
| (എഫ്) എൽ.എൻ.ജി. ടെർമിനൽ യാഥാർത്ഥ്യമായാൽ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ? | (എഫ്) ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി FACT, NTPC, BSES, Power Plant മറ്റു വ്യവസായ മേഖലകൾ എന്നിവയ്ക്ക് പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 597 | | 21.07.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. കെ.കെ. ഷാജു<br>" തോമസ് ചാണ്ടി | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് വഴി സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നതിയ്ക്കായി നടത്തുന്ന വിവിധ പദ്ധതികൾ വേണ്ടവിധം ഫലപ്രാപ്തിയിൽ എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല; |
| (ബി) | സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) 09.09.1975 ൽ രൂപീകൃതമായ സാമൂഹ്യ ക്ഷേമ വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇവയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ സംയോജിത ശിശുവികസന പദ്ധതിയാണ്. സ്ത്രീശാക്തീകരണം, വികലാംഗക്ഷേമം, വയോജനക്ഷേമം, അനാഥർ, അഗതികൾ, കുട്ടികൾ മുതലായവർക്കുള്ള ക്ഷേമ പദ്ധതികളും ഈ വകുപ്പിലൂടെ നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി |

| | | |
|---|---|---|
| | | പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതിനായി പത്ര മാധ്യമങ്ങൾ, വിഷ്വൽ മീഡിയ, ആകാശവാണി, പോസ്റ്റർ പ്രദർശനം, വെബ്സൈറ്റ്, ലഘുലേഖകൾ, ക്ലാസ്സുകൾ തുടങ്ങിയ മാധ്യമങ്ങൾ ബോധവൽക്കരണത്തിനായി ഉപയോഗിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും അവർക്കെതിരായ അതിക്രമങ്ങൾക്ക് എതിരെ സമൂഹ മനഃസാക്ഷി ഉണർത്തുന്നതിനുമായുള്ള ബോധവത്കരണ പരിപാടികൾ കേരള വനിതാ വികസന കോർപ്പറേഷനും വനിതാ കമ്മീഷനും മുഖേനയും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 598 | 21.7.2008 ൽ മറുപടിക്ക് |
|---|---|

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. പി. വിശ്വൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) രാജ്യത്ത് ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് സ്ഥാപിക്കുന്ന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;<br>ബി) പ്രസ്തുത കേന്ദ്രം എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ)യും (ബി)യും<br><br>ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനുള്ള അനുമതി കത്ത് ലഭിച്ചിട്ടില്ല. |
| സി) ഇൻസ്റ്റിറ്റ്യൂട്ടിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; | സി) തുടക്കത്തിൽ ഇരുപതോളം പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കേണ്ടത് എന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.. |
| ഡി) ഈ വർഷം തന്നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) കേന്ദ്രാനുമതി ലഭിച്ചാലുടനെ അനന്തര നടപടികൾ ആരംഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 599 | 21.07.2008-ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| പകർച്ചവ്യാധികൾ ഉണ്ടായതിനു ശേഷം ചികിത്സാ നടപടി സ്വീകരിക്കുന്നതിനു പകരം അവ ഉണ്ടാകാതിരിക്കാൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ? | സാംക്രമിക രോഗങ്ങൾ പടർന്നു പിടിച്ചതിനുശേഷം ചികിത്സിക്കുകയെന്നതിനുപകരം രോഗം വരാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. പരിസര ശുചീകരണവും കൊതുക് നിർമ്മാർജനവുമാണ് പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ. ഇതിനായി വാർഡ്തലം മുതൽ സംസ്ഥാനതലംവരെ ആരോഗ്യവകുപ്പിന്റെ പ്രതിനിധികളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും ഉൾപ്പെടുന്ന രോഗ നിയന്ത്രണ നിരീക്ഷണ സമിതികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ പ്രവർത്തനം, വിവിധ വകുപ്പുകളെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇന്റർ സെക്ടർ കമ്മിറ്റികളുടെ പ്രവർത്തനം, സംസ്ഥാന എൻഡമോളജി ടീമിന്റെ പ്രവർത്തനം തുടങ്ങിയവയും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉള്ളതാണ്. സാർവ്വദേശിക രോഗപ്രതിരോധ പരിപാടികളുടെ ഭാഗമായിട്ട് കുഞ്ഞുങ്ങൾക്ക് രോഗ-പ്രതിരോധ കുത്തിവയ്പ്പും മരുന്നും നൽകുക, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയും നടത്തിവരുന്നു. സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനത്തിൽ പകർച്ചവ്യാധികളുടെ ദൈനംദിന നില ലഭിക്കുന്നതിനും വിലയിരുത്തുവാനും സംവിധാനമുണ്ട്. |

K.S. Sudha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: * 600

21-07-2008 -ൽ
മറുപടിക്ക്

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധാരണം

ചോദ്യം

ശ്രീമതി കെ.കെ. ലതിക :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. ജോർജ് എം.തോമസ് :

(എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് പുനരുദ്ധരിക്കുന്നതിന് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുടെ സാങ്കേതിക സാമ്പത്തിക സഹകരണം നേടിയെടുക്കുന്നതിനുള്ള ശ്രമം വിജയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പുനരുദ്ധാരണത്തിനായി ആവിഷ്ക്കരിച്ച പാക്കേജുകളിൽ ധാരണയായിട്ടുണ്ടോ ;

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ്മന്ത്രി.)

(എ) യും (ബി) യും

ഉണ്ട്.

സ്റ്റീൽ കോംപ്ലക്സിന്റെ (SCL) പുനരുദ്ധാരണ സംരംഭങ്ങൾക്കായി SCL- ലും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയും (SAIL) തമ്മിൽ നടത്തിയ ചർച്ചകളുടെ ഫലമായി SAIL- ൽ നിന്നും സാങ്കേതികവും സാമ്പത്തികവുമായ സഹായം ലഭിക്കുകയും ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. സ്ക്രാപ്പ് വാങ്ങുന്നതിനുവേണ്ടി 5 കോടി രൂപ പലിശരഹിത വായ്പയായി SAIL- നൽകി. SCL -ന്റെ പുനരുദ്ധാരണത്തിനായി 50:50 അനുപാതത്തിൽ ഓഹരി വിഹിതം അംഗീകരിച്ചുകൊണ്ട് SAIL - ഉം SCL-ലുമായി സംയുക്തസംരംഭത്തിനുള്ള ധാരണാപത്രം 03-05-2008 -ൽ ഒപ്പുവച്ചു. സംയുക്ത സംരംഭത്തിന്റെ കരട് എഗ്രിമെന്റ് സംയുക്തസംരംഭം പ്രാവർത്തികമാക്കാൻ രൂപീകരിച്ച കോർ കമ്മറ്റിയുടെ പരിഗണനയിലാണ്. ഈ എഗ്രിമെന്റ് താമസിയാതെ ഒപ്പുവയ്ക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

[.............2]

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഉൽപ്പാദന രംഗത്ത് എന്തുമാത്രം വർദ്ധനവാണ് പ്രതീക്ഷിക്കുന്നത് ;

(സി) സംയുക്തസംരംഭം പ്രാവർത്തികമാകുമ്പോൾ വാർഷികോൽ പ്പാദനം 55,000 ടൺ ആയി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(ഡി) സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.